"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - മൈനാഗപ്പള്ളി എസ്.സി.വി. യു.പി.സ്കൂളിലെ മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

G.O.(Rt)No.4135/2026/GEDN തീയതി,തിരുവനന്തപുരം, 23-06-2026

---

പരാമർശം:-

1. സ.ഉ(കൈ)നം.54/2024/പൊ.വി.വ തീയതി, 01.06.2024
2. മൈനാഗപ്പള്ളി എസ്.സി.വി. യു.പി.സ്കൂളിലെ മാനേജർ 01.09.2025 തീയതിയായി സമർപ്പിച്ച റിവിഷൻ ഹർജി
3. ചവറ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 12.11.2025 ലെ AEOCHV/225/2025-C നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13.11.2025 ലെ F(4)/22923/2025/DGE നമ്പർ കത്ത്

**ഉത്തരവ്**

മൈനാഗപ്പള്ളി എസ്.സി.വി. യു.പി.സ്കൂളിലെ ശ്രീമതി ആര്യാ അശോകന്റെ 11.06.2024 മുതലുള്ള നിയമനം നിരസിച്ചതിനെതിരെ സമർപ്പിച്ച റിവിഷൻ ഹർജിയിൽ 17.11.2025 തീയതിയിൽ വാദം കേട്ടു.

**2.ഹർജിക്കാരിയുടെ വാദം താഴെപ്പറയും പ്രകാരമായിരുന്നു :**

ശ്രീമതി ആര്യാ അശോകിന്റെ 11.06.2024 മുതൽ ഹെഡ് ടീച്ചർ തസ്തികയിലെ നിയമനം ചവറ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചു. മൈനാഗപ്പള്ളി എസ്.സി.വി യു.പി സ്കൂളിൽ പ്രഥമാദ്ധ്യാപികയായിരുന്ന ശ്രീമതി. സുധാദേവി.വി. 31.05.2024 ൽ വിരമിച്ച ഒഴിവിൽ സ്കൂളിലെ സംയോജിത സീനിയോറിറ്റി ലിസ്റ്റിലെ ഏറ്റവും സീനിയർ അദ്ധ്യാപികയായ ശ്രീമതി. ജയലക്ഷ്മി എസ് ജൂനിയർ ലാംഗ്വേജ് ഹിന്ദി അദ്ധ്യാപികയെ സ്ഥാനക്കയറ്റം നൽകി പ്രഥമാദ്ധ്യാപികയായി 01.08.2024 മുതൽ നിയമിച്ചു. എന്നാൽ വിരമിക്കൽ മൂലം ടി സ്കൂളിൽ ഒഴിവ്

വരുന്നത് യു.പി.എസ്.റ്റി തസ്തിക ആയതിനാലും, കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം 7 (1) പ്രകാരം സ്കൂളിൽ അനുവദിച്ചിട്ടുള്ള അഡീഷണൽ യു.പി.എസ്.റ്റി തസ്തികയിൽ ചട്ടപ്രകാരമുള്ള മുൻഗണന അവകാശങ്ങൾക്ക് വിധേയമായ (Rule 43/51A/51B of chapter XIVA KER) പ്രകാരം അദ്ധ്യാപക ബാങ്കിൽ നിന്നും സംരക്ഷിത അദ്ധ്യാപകനെ നിയമിക്കണം എന്ന കാരണം ഉന്നയിച്ച് ശ്രീമതി. ആര്യാ അശോകിന്റെ ഹെഡ് ടീച്ചർ തസ്തികയിലേക്കുള്ള നിയമനം നിരസിച്ചു. ടി ഉത്തരവിൽ ജമീല Vs ഷെരീഫ് കേസിൽ (WA No 1783/2009) ലോവർ ഗ്രേഡ് അറബിക് അദ്ധ്യാപകന് പ്രഥമാദ്ധ്യാപക നായി സ്ഥാനക്കയറ്റം നൽകിയാൽ ടിയാൾ നാളിതുവരേയും സേവനമനുഷ്ടിച്ച അറബിക് അദ്ധ്യാപകനായി തന്നെ തുടരേണ്ടതാണ് എന്ന് ബഹു. കേരളാ ഹൈക്കോടതിയുടെ ഡിവി ഷൻ ബഞ്ച് ഉത്തരവായിട്ടുണ്ട്. ബഹു. കോടതി ഉത്തരവുകളിലെ നിരീക്ഷണങ്ങളുടെ പശ്ചാത്തലത്തിൽ സമാനമായ കേസുകളിൽ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ടി ഉത്തരവിൻ പ്രകാരം ശ്രീമതി. ആര്യാ അശോകിൻ്റെ നിയമനം പരിശോധിച്ചതിൽ, ശ്രീമതി ജയലക്ഷ്മി.എസ് ജൂനിയർ ലാംഗ്വേജ് ഹിന്ദി അദ്ധ്യാപികയുടെ സ്ഥാനക്കയറ്റം അംഗീകരിക്കുമ്പോൾ ടി അദ്ധ്യാപിക മുൻപ് സേവനമനുഷ്ടിച്ചിരുന്ന ജൂനിയർ ലാംഗ്വേജ് ഹിന്ദി അദ്ധ്യാപികയുടെ ചുമതലകൾ കൂടി നിർവ്വഹിക്കേണ്ടതാണെന്നും, ടി അദ്ധ്യാപികയുടെ സ്ഥാനക്കയറ്റം വഴിയുള്ള പരിണിത ഒഴിവ് യു.പി.എസ്.ടി തസ്തികയിലാണ് എന്നകാരണം ഉന്നയിച്ച് ചവറ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ നിയമനം നിരസിച്ചു.

മേൽ നിരസിച്ച ഉത്തരവിനെതിരെ കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർക്കും തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും അപ്പീൽ സമർപ്പിച്ചു. കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ 05.12.2024-ലെ ബി1/770243/2024 ഉത്തരവ് പ്രകാരവും, പൊതുവിദ്യാ ഭ്യാസ ഡയറക്ടറുടെ 30.05.2025-ലെ എഫ്4/810539/2025 നം ഉത്തരവ് പ്രകാരവും ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ റിപ്പോർട്ടിന്മേൽ അപ്പീൽ നിരസിച്ചു.

ഇതുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന കാര്യങ്ങൾ അനുഭാവപൂർവം പരിഗണിച്ച് റിവിഷൻ അപ്പീൽ അനുവദിച്ച് ഉത്തരവാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീമതി. രശ്മി രവി 13.08.2019 മുതൽ 10.06.2024 വരെ 5 വർഷം ശൂന്യവേതനാവധി എടുത്ത ഒഴിവിൽ ശ്രീമതി. ആര്യാ അശോകിന്റെ നിയമനം ചവറ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ 12.04.2021-ലെ സി/9963/2023 പ്രകാരം അംഗീകരിച്ചത്, 06.02.2021 തീയതിയിലെ

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പിന്റെ സ.ഉ (അച്ചടി) നം. 4/2021/പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ശ്രീമതി. രശ്മി രവിയുടെ 13.08.2019 മുതൽ 10.06.2024 വരെ ശൂന്യവേതനാവധി എടുത്ത ഒഴിവിൽ നിയമിതയായ ശ്രീമതി, ആര്യാ അശോകിൻ്റെ അവധി ഒഴിവിലെ യു.പി.എസ്.റ്റി നിയമനം 25200-54000 ശമ്പള സ്കെയിലിൽ 13.08.2019 മുതൽ 05.02.2021 വരെ നോഷണലായും, 06.02.2021 മുതൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകാവുന്നതാണെന്ന് സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയ സാഹചര്യത്തിലാണ്. ശ്രീമതി. ആര്യാ അശോകിന്റെ നിയമനം 13.08.2019 മുതൽ 05.02.2021 വരെ സാങ്കൽപികവും, 06.02.2021 തീയതി മുതൽ മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചുകൊണ്ടാണ് ശ്രീമതി. ആര്യ അശോകിന്റെ നിയ മനം ചവറ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകരിച്ചത്. ടി ഉത്തരവിൻ്റെ പകർപ്പ് അ നുബന്ധം-4 ആയി സമർപ്പിക്കുന്നു. അതുപ്രകാരം ശ്രീമതി. ആര്യാ അശോകിന്റെ 13.08.2019 മുതൽ 10.06.2024 വരെയുള്ള നിയമനം ക്രമപ്രകാരമാണ്. അതുമൂലം 51 എ അവകാശിയാ യതിനാലാണ്, 11,06,2024 മുതൽ ഹെഡ് ടീച്ചർ തസ്തികയിൽ യു.പി.എസ്.റ്റി ആയി നിയ മിച്ചത്. ടി സ്കൂളിൽ കുട്ടികളുടെ എണ്ണം 460 ആണ്. 100 ൽ കൂടുതൽ വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ യു.പി. സ്കൂളിൽ ഹെഡ്ടിച്ചർ തസ്തിക അനുവദിക്കാമെന്ന വ്യവസ്ഥ ഉള്ളതിനാലും, 2024-25 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിൽ തസ്തിക അനുവദിച്ചതിനാലും ഇതേ സ്കൂളിൽ നിയമനം ലഭിച്ച് അംഗീകരിച്ചതിന് ശേഷം തസ്തിക ഏതെങ്കിലും കാരണത്താൽ നഷ്ടപ്പെട്ടാൽ അവരെ തന്നെ ഹെഡ്ടീച്ചർ തസ്തികയിൽ നിയമിക്കാമെന്ന വ്യവസ്ഥയുള്ളതിനാലുമാണ് ശ്രീമതി ആര്യാ അശോകിനെ ഹെഡ് ടീച്ചർ തസ്ത്ികയിൽ യു.പി.എസ്.റ്റി. ആയി 11.06.2024 മുതൽ നിയമിച്ചത്. മൈനാഗപ്പള്ളി എസ്.സി.വി. യു.പി.സ്കൂളിന്റെ 2024-25 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിന്റെ പകർപ്പ് സമർപ്പിക്കുന്നു.

ശ്രീമതി. ആര്യാ അശോകിന്റെ നിയമനത്തിന് സമാനമായ 6 മാസത്തിൽ അധിക മുള്ള അവധി ഒഴിവുകളിൽ നിയമനം അംഗീകരിക്കണമെന്ന് പൊതുവിദ്യാഭ്യാസ ഡയറ കടർ റിവിഷൻ അപ്പീൽ അനുവദിക്കുകയും അതുപ്രകാരം കൊട്ടാരക്കര ജില്ലാ വിദ്യാ ഭ്യാസ ആഫീസർ നിയമനം അംഗീകരിക്കുകയും ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള കുണ്ടറ എം.ടി.എച്ച്.എസ്സിൽ എൽ.പി.എസ്.ടി ആയിരുന്ന ശ്രീമതി. അശ്വതി തോമസിൻ്റെ 14.01.2016 മുതൽ 13.10.2021 വരെയുള്ള ശൂന്യവേതനാവധി ഒഴിവിൽ ശ്രീമതി. ലിൻസി വർഗ്ഗീസ്

എന്നയാളെ എൽ.പി.എസ്.റ്റി ആയി 15.07.2017 മുതൽ നിയമിച്ചിരുന്നു. ടി നിയമനം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർ ശ്രീമതി. ലിൻസി വർഗ്ഗീസിനെ നിയമിച്ച ഒഴിവ് വ്യവസ്ഥാപിത മല്ല എന്നും, ഒരു വർഷത്തിലധികമുള്ള അവധി ഒഴിവിൽ നിയമനം സംരക്ഷിത അദ്ധ്യാപ കരെക്കൊണ്ട് നികത്തണമെന്നതിനാലുമാണ് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർ നിയമനം നിരസിച്ചത്. പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ റിവിഷൻ അപ്പീലിന്മേൽ 06.06.2023-ലെ ഇറ്റി1/8300/2022/ഡിജിഇ നമ്പർ ഉത്തരവ് പ്രകാരം റിവിഷൻ അപ്പീൽ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിവിഷൻ അപ്പീൽ ഉത്തരവിൻ്റെ അടിസ്ഥാനത്തിൽ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർ 27.09.2023-ലെ ബി4/49463/2023 പ്രകാരം ലിൻസി വർഗീസിന്റെ നിയമനം അംഗീകരിക്കുകയും ചെയ്തു. കുണ്ടറ മാർത്തോമ ഹൈസ്കൂളിലെ എൽ.പി.എസ്.റ്റി ശ്രീമതി. ലിൻസി വർഗ്ഗീസിൻ്റെ കേസിന് സമാനമായതാണ് ശ്രീമതി. ആര്യാ അശോകിന്റെ അവധി ഒഴിവിലെ നിയമനവും. അതിനാൽ ചവറ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ ശ്രീമതി. ആര്യാ ആശോകിൻ്റെ നിയമനവും അംഗീകരിച്ചത്.

കൂടാതെ സർക്കാർ ഉത്തരവ് നമ്പർ 7090/2023/പൊ.വി.വ തീയതി 14.11.2023 ൽ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം XXIII ചട്ടം 5(1) പ്രകാരം എൽ.പി. വിഭാഗം കൂടിയുള്ള യു.പി.സ്കൂളുകളിൽ ഒരു ഹെഡ്മാസ്റ്റർ തസ്തികയും, യു.പി.ഡിവിഷനുകളുടെ എണ്ണത്തിൽ നിന്നും ഒന്ന് കുറവ് ചെയ്ത് യു.പി.എസ്.റ്റി തസ്തികകളും എൽ.പി. ഡിവിഷനുകൾക്ക് തുല്യമായ എണ്ണം എൽ.പി.എസ്.റ്റി തസ്തികകളും അനുവദിച്ചു നൽകണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നത്. കൂടാതെ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം XXIII ചട്ടം 5(iv) പ്രകാരം എൽ.പി. വിഭാഗം കൂടെയുള്ള യു.പി. സ്കൂളുകളിൽ 1 മുതൽ 5 വരെ ക്ലാസ്സുകളിലായി 150 കുട്ടികളിലധികമോ 5 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലായി 100 കുട്ടി കളിലധികമോ ഉണ്ടെങ്കിൽ ഹെഡ്മാസ്റ്ററെ ക്ലാസ്സ് ചാർജിൽ നിന്നും ഒഴിവാക്കി ഒരു യു.പി.എസ്.റ്റി തസ്തിക അധികമായി അനുവദിക്കുവാൻ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ റജി മോൾ V/s അസിസ്റ്റൻ്റ് എഡ്യൂക്കേഷണൽ ഓഫീസർ [2004(2) KLT 899] കേസിലെ 29.06.2004 ലെ വിധിന്യായത്തിൽ എൽ.പി. വിഭാഗത്തോട് കൂടി പ്രവർത്തിക്കുന്ന യു.പി. സ്കൂളുകളിൽ എൽ.പി. വിഭാഗത്തിൽ തന്നെ കണക്കാക്കി തസ്തിക നിർണ്ണയിക്കണമെ ന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. അപ്രകാരം 2015-16, 2016-17, 2017-18, 2019-20 അക്കാദമിക് വർഷങ്ങളിലെ തസ്തിക പുനർനിർണയിക്കണമെന്നും, എച്ച്.റ്റി.വി തസ്തിക എൽ.പി.എസ്.റ്റി കാറ്റഗറിയിൽ

നിലനിർത്തണമെന്നുമാണ് ശ്രീമതി. സിസ്ഥുവും ശ്രീമതി. സുമി സുരേന്ദ്രനും ആവശ്യപ്പെടുന്നത്. എന്നാൽ റെജിമോൾ V/s അസിസ്റ്റൻ്റ് എഡ്യുക്കേഷണൽ ഓഫീസർ WP(C) No 5628/2004 കേസിലെ 29.06.2024-ലെ വിധിന്യായത്തിനെതിരെ ഫയൽ ചെയ്യപ്പെട്ട WA No. 1273, 1274 & 1277/2004 എന്നീ അപ്പിൽ കേസുകൾ തീർപ്പാക്കിക്കൊണ്ടുള്ള ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിൻ്റെ 11.08.2008 ലെ പൊതുവിധിന്യായത്തിൽ, WP(C) No. 5628/2004 കേസിലെ 29.06.2004 നിർദ്ദേശം കേരള വിദ്യാഭ്യാസ ചട്ട ങ്ങൾക്ക് എതിരാണെന്നും ചട്ടപ്രകാരം യു.പി. സ്കൂൾ ഹെഡ്മാസ്റ്ററെ യു.പി.എസ്.റ്റി. തസ്തികയിലേക്ക് തന്നെ കണക്കാക്കേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം ഇലിപ്പക്കുളം യു.പി.എസിലെ എൽ.പി.എസ്.റ്റി. ആയിരുന്ന ശ്രീമതി. എസ്. ജയക്ക് 01.06.2015 പ്രാബല്യത്തിൽ പ്രഥമാദ്ധ്യാപക തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചപ്പോൾ തസ്തിക യു.പി.എസ്.റ്റി. കാറ്റഗറിയിൽ നിലനിർത്തിയത് ശരിയായ നടപടിയാണ്. മാത്രവുമല്ല അതുമൂലമുണ്ടായ പരിണിത എൽ.പി.എസ്.റ്റി. ഒഴിവിൽ മാനേജർ 01.06.2015 പ്രാബല്യത്തിൽ ശ്രീമതി. നിഷാ നായർ.എസിനെ നിയമിക്കുകയും ആയതിന് എ.ഇ.ഒ. നിയമനാംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഹെഡ്ടീച്ചർ വേക്കൻസിയിൽ സംരക്ഷിതാദ്ധ്യാപരെയോ തസ്തിക നഷ്ടം വന്ന് പുറത്തുപോകുന്ന ചട്ടം 51 അവകാശികളെയോ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണ്.

അതുപോലെ എറണാകുളം കോട്ടപ്പടി മാർ ഏലിയാസ് ഹയർ സെക്കന്ററി സ്കൂളിലെ യു.പി.സ്കൂൾ അദ്ധ്യാപിക ശ്രീമതി. അഞ്ജു ബേബി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 31220/2023 ന്മേലുള്ള 25.09.2023ലെ വിധിന്യായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 30.11.2023-ലെ ഇസി2/17445/2023 ഡിജിഇ നമ്പർ ഉത്തരവിൽ സംരക്ഷിത അദ്ധ്യാപകരെക്കാൾ മുൻഗണന അതേ മാനേജ് മെന്റിലെ ചട്ടം 51 എ അവകാശിക്കുള്ളതിനാൽ, ശ്രീമതി. അഞ്ജു ബേബി എന്ന എച്ച്. എസ്.ടി. (മലയാളം) യെ നിലവിൽ സംരക്ഷിത അദ്ധ്യാപികയായി തുടർന്നു വരുന്ന യു.പി.എസ്.ടി. തസ്തികയിൽ ഹെഡ്ടീച്ചർ തസ്തികയിൽ നിലനിർത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ആയതിനാൽ മേൽ പറഞ്ഞിരിക്കുന്ന സർക്കാർ ഉത്തരവിൻ്റെ വെളിച്ചത്തിൽ 51എ അവകാശിയായ ശ്രീമതി. ആര്യാ അശോകിൻ്റെ 11.06.2024 മുതൽ ഹെഡ്ടീച്ചർ തസ്തികയിൽ നടത്തിയ നിയമനം അംഗീകരിക്കുന്നതിന് ചവറ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്ക് വേണ്ട നിർദ്ദേശം നൽകി അപ്പീൽ അനുവദിച്ച് ഉത്തരവാകണമെന്ന്

അഭ്യർത്ഥിക്കുന്നു.

3.പൊതു വിദ്യാഭ്യാസ ഓഫീസർമാർ താഴെ പറയും പ്രകാരം വാദിച്ചു:

മൈനാഗപ്പള്ളി എസ്.സി.വി.യു.പി. സ്കൂൾ മാനേജർ, ടി സ്കൂളിൽ യു.പി.എസ്.റ്റി. ആയിരുന്ന ശ്രീമതി. രശ്മി രവി 13/08/2019 മുതൽ 10/06/2024 വരെ ശൂന്യവേതനാവധി എടുത്ത ഒഴിവിൽ ശ്രീമതി.ആര്യ അശോകിനെ നിയമിക്കുകയും ചവറ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് നമ്പർ സി/9963/2021 തീയതി 12/04/2021 പ്രകാരം ശ്രീമതി. ആര്യ അശോകിന്റെ നിയമനം 13/08/2019 മുതൽ 10/06/2024 വരെ പരിമിതപ്പെടുത്തിക്കൊണ്ട് അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. അവധി കാലയളവ് പൂർത്തിയാക്കി ശ്രീമതി. രശ്മി രവി 11/06/2024 ൽ തിരികെ ജോലിയിൽ പ്രവേശിച്ചതിനെ തുടർന്ന് മാനേജർ ടി സ്കൂളിൽ ഒഴിവുള്ള ഹെഡ് ടീച്ചർ ഒഴിവിൽ ശ്രീമതി. ആര്യ അശോകിനെ 11/06/2024 മുതൽ പുനർനിയമിച്ചു. യു.പി.എസ്.റ്റി. തസ്തികയിൽ 01/06/2024 മുതൽ വ്യവസ്ഥാപിതമായ ഒഴിവ് നിലനിൽക്കെ ശ്രീമതി. ആര്യ അശോകിനെ, അധ്യാപക ബാങ്കിൽ നിന്നുള്ള സംരക്ഷിത അധ്യാപക നിയമനത്തിനായി മാറ്റിവെക്കേണ്ട കെ.ഇ.ആർ. അധ്യായം XXI ചട്ടം 7(1) പ്രകാരം അനുവദിച്ചിട്ടുള്ള അഡീഷണൽ യു.പി.എസ്.റ്റി. തസ്തികയിൽ നിയമിച്ച മാനേജരുടെ നടപടി ക്രമപ്രകാരമല്ല എന്ന കാരണത്താൽ ടി നിയമനം ചവറ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ചു നൽകി. ഇതിനെതിരെ മാനേജർ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയ അപ്പീൽ ഹർജി, ശ്രീമതി. ആര്യ അശോകിന്റെ നിയമനം നിരസിക്കുന്നത് ചവറ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ആധാരമാക്കിയ കാരണങ്ങൾ ശരിവച്ചുകൊണ്ട് കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 05/12/2024 ലെ ഉത്തരവ് നമ്പർ ബി1/770243/2024 പ്രകാരം നിരസിച്ച് നൽകിയിരുന്നു.

കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിനെതിരെ മൈനാഗപ്പള്ളി എസ്.സി.വി.യു.പി. സ്കൂൾ മാനേജർ ഈ കാര്യാലയത്തിൽ സമർപ്പിച്ച റിവിഷൻ ഹർജിയും 30/05/2025 ലെ എഫ്4/810539/2025 നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചു നൽകിയിട്ടുണ്ട്.

മൈനാഗപ്പള്ളി എസ്.സി.വി.യു.പി. സ്കൂളിൽ ഒഴിവുള്ള ഹെഡ് ടീച്ചർ ഒഴിവിലുള്ള ശ്രീമതി. ആര്യ അശോകിന്റെ 11/06/2024 മുതലുള്ള നിയമനം അംഗീകരിച്ചു നൽകുന്നതിനുള്ള നിർദ്ദേശം ചവറ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകി റിവിഷൻ ഹർജി അനുവദിച്ച് നൽകണമെന്നതാണ് സ്കൂൾ മാനേജരുടെ ആവശ്യം.

അപ്പർ പ്രൈമറി സ്കൂളുകളുടെ കാര്യത്തിൽ ഭാഷാധ്യാപകർക്ക് പ്രഥമാധ്യാപകനായി സ്ഥാനക്കയറ്റം നൽകുമ്പോൾ ക്ലാസ്സ് ചാർജ് എവിടെ നൽകണമെന്നത് സംബന്ധിച്ച് കെ.ഇ.ആർ. ൽ വ്യക്തമായ വ്യവസ്ഥകൾ നിലവിലില്ല. ജമീല VS ഷെരീഫ് റിപ്പോർട്ടഡ് കേസിൽ (WA No. 1783/2009) ലോവർ ഗ്രേഡ് അറബിക് അധ്യാപകന് പ്രഥമാധ്യാപകനായി സ്ഥാനക്കയറ്റം നൽകിയാൽ ടിയാൻ നാളിതുവരെ സേവനമനുഷ്ഠിച്ച അറബിക് അധ്യാപകനായി തുടരേണ്ടതാണ് എന്ന് ബഹു. കേരളാ ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് തന്നെ ഉത്തരവായിട്ടുണ്ട്. കോടതി ഉത്തരവുകളിലെ നിരീക്ഷണങ്ങളുടെ പശ്ചാത്തലത്തിൽ സമാനമായ കേസുകളിൽ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എൽ.പി. വിഭാഗവും, യു.പി. വിഭാഗവും ഉള്ള ഒരു യു.പി. സ്കൂളിലെ പ്രഥമാധ്യാപക നിയമനം നടത്തിക്കഴിഞ്ഞാൽ, ഇവയിൽ ഏത് വിഭാഗത്തിൽ നിന്നുള്ള അധ്യാപകനാണോ പ്രൊമോഷൻ നേടിയത്, ആ അധ്യാപകൻ പഠിപ്പിച്ചുവന്നിരുന്ന അതേ കാറ്റഗറിയിൽ തന്നെ തുടർന്നും കൈകാര്യം ചെയ്യണമെന്നാണ് രജിമോൾ VS സ്റ്റേറ്റ് ഓഫ് കേരള (WP(C) No.5628/2004) കേസിൽ ബഹു. കേരളാ ഹൈക്കോടതി വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളത്. അക്കാര്യത്തിൽ വ്യക്തത വരുത്തിക്കൊണ്ട് 25.06.2025 ലെ JA(1)/270/2023/GEdn നമ്പർ സർക്കാർ പരിപത്രം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. സമാനമായി ജമീല VS ഷെരീഫ് കേസിൽ (WA No. 1783/2009) ലോവർ ഗ്രേഡ് അറബിക് അധ്യാപകന് പ്രഥമാധ്യാപകനായി സ്ഥാനക്കയറ്റം നൽകിയാൽ ടിയാൻ നാളിതുവരെ സേവനമനുഷ്ഠിച്ച അറബിക് അദ്ധ്യാപകനായി തന്നെ തുടരേണ്ടതാണ് എന്ന് ബഹു. കേരളാ ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് ഉത്തരവായിട്ടുണ്ട്. മൈനാഗപ്പള്ളി എസ്.സി.വി.യു.പി. സ്കൂളിന്റെ സംഗതിയിൽ, ശ്രീമതി എസ്. ജയലക്ഷ്മി, ജൂനിയർ ലാംഗ്വേജ് ഹിന്ദി അദ്ധ്യാപികയെ 01/06/2024 മുതൽ പ്രഥമാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമിച്ചു എങ്കിലും, ടി സ്കൂളിലെ പ്രഥമാദ്ധ്യാപിക ആയിരുന്ന ശ്രീമതി. സുധാദേവി വി., 31/05/2024 ൽ സേവനത്തിൽ നിന്നും വിരമിച്ചത് മൂലം ഒഴിവ് വരുന്നത് യു.പി.എസ്.റ്റി. തസ്തികയിലാണ്. യു.പി.എസ്.റ്റി. തസ്തികയിൽ 01/06/2024 മുതൽ വ്യവസ്ഥാപിതമായ ഒഴിവ് നിലനിൽക്കെ ശ്രീമതി ആര്യാ അശോകനെ, അദ്ധ്യാപക ബാങ്കിൽ നിന്നുള്ള സംരക്ഷിത അദ്ധ്യാപക നിയമനത്തിനായി മാറ്റി വയ്ക്കേണ്ട കെ.ഇ.ആർ. അദ്ധ്യായം XXI ചട്ടം 7(1) പ്രകാരം അനുവദിച്ചിട്ടുള്ള അഡീഷണൽ യു.പി.എസ്.റ്റി. തസ്തികയിൽ നിയമിച്ച മാനേജരുടെ നടപടി ക്രമപ്രകാരമല്ലെന്ന് വിലയിരുത്തുന്നു.

അവധി ഒഴിവിൽ 13/08/2019 മുതൽ 10/06/2024 വരെ അവധി ഒഴിവിൽ അംഗീകൃത

സർവ്വീസുള്ള ശ്രീമതി ആര്യാ അശോകിന്റെ കെ.ഇ.ആർ. അദ്ധ്യായം XIV എ ചട്ടം 51 എ പ്രകാരമുള്ള മുൻഗണനാവകാശം ഇക്കാര്യത്തിൽ തർക്കവിഷയമേയല്ല. റിവിഷൻ ഹർജിയിൽ മാനേജർ പരാമർശിക്കുന്ന ഉത്തരവുകളൊന്നും തന്നെ ശ്രീമതി ആര്യാ അശോകിന്റെ നിയമന വിഷയത്തിൽ യാതൊരുവിധ സമാനതയും വ്യക്തമാക്കുന്നില്ല.

മൈനാഗപ്പള്ളി എസ്.സി.വി.യു.പി. സ്കൂൾ മാനേജർ ടി സ്കൂളിന്റെ സംഗതിയിൽ, ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ടുള്ള റോസ്റ്റർ തയ്യാറാക്കി സമന്വയ മുഖേന സമർപ്പിക്കുകയോ ഭിന്നശേഷി സംവരണത്തിനായി ഒഴിവുകൾ മാറ്റിവച്ചുകൊണ്ട് എംപ്ലോയ്മെൻ്റ് എക്സ്ചേഞ്ചിൽ റിക്വസിഷൻ സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

മേൽ വസ്തുതകളുടെയും, സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ, മൈനാഗപ്പള്ളി എസ്.സി.വി.യു.പി. സ്കൂളിൽ 11/06/2024 മുതൽ യു.പി.എസ്.റ്റി. ആയി അഡീഷണൽ യു.പി.എസ്.റ്റി (HTV) തസ്തികയിൽ പുനർനിയമിച്ച ശ്രീമതി ആര്യ അശോക് ന്റെ നിയമനാംഗീകാരത്തിനായി മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി യാതൊരുവിധ പരിഗണനയും അർഹിക്കുന്നില്ല എന്നുള്ള വിവരം വിനയപുരസ്സരം റിപ്പോർട്ട് ചെയ്യുന്നു.

4.സർക്കാർ ഈ വിഷയം ഹർജിക്കാരന്റെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. മൈനാഗപ്പള്ളി എസ്.സി.വി.യു.പി. സ്കൂളിൽ ഒഴിവുള്ള ഹെഡ് ടീച്ചർ ഒഴിവിലുള്ള ശ്രീമതി. ആര്യ അശോകിന്റെ 11/06/2024 മുതലുള്ള നിയമനം അംഗീകരിച്ചു നൽകുന്നതിനുള്ള നിർദ്ദേശം ചവറ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകി റിവിഷൻ ഹർജി അനുവദിച്ച് നൽകണമെന്നതാണ് സ്കൂൾ മാനേജരുടെ ആവശ്യം.

5.മൈനാഗപ്പള്ളി എസ്.സി.വി.യു.പി. സ്കൂൾ മാനേജർ, ടി സ്കൂളിൽ യു.പി.എസ്.റ്റി ആയിരുന്ന ശ്രീമതി. രശ്മി രവി 13/08/2019 മുതൽ 10/06/2024 വരെ ശൂന്യവേതനാവധി എടുത്ത ഒഴിവിൽ ശ്രീമതി. ആര്യ അശോകിനെ നിയമിക്കുകയും ചവറ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് നമ്പർ സി/9963/2021 തീയതി 12/04/2021 പ്രകാരം ശ്രീമതി. ആര്യ അശോകിന്റെ നിയമനം 13/08/2019 മുതൽ 10/06/2024 വരെ പരിമിതപ്പെടുത്തിക്കൊണ്ട് അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. അവധി കാലയളവ് പൂർത്തിയാക്കി ശ്രീമതി.രശ്മി രവി 11/06/2024 ൽ തിരികെ ജോലിയിൽ പ്രവേശിച്ചതിനെ തുടർന്ന് മാനേജർ ടി സ്കൂളിൽ ഒഴിവുള്ള ഹെഡ് ടീച്ചർ ഒഴിവിൽ ശ്രീമതി. ആര്യ അശോകിനെ 11/06/2024 മുതൽ പുനർ നിയമിച്ചു.

യു.പി.എസ്.റ്റി. തസ്തികയിൽ 01/06/2024 മുതൽ വ്യവസ്ഥാപിതമായ ഒഴിവ് നിലനിൽക്കെ ശ്രീമതി.ആര്യ അശോകിനെ, അധ്യാപക ബാങ്കിൽ നിന്നുള്ള സംരക്ഷിത അധ്യാപക നിയമനത്തിനായി മാറ്റിവെക്കേണ്ട കെ.ഇ.ആർ. അധ്യായം XXI ചട്ടം 7(1) പ്രകാരം അനുവദിച്ചിട്ടുള്ള അഡീഷണൽ യു.പി.എസ്.റ്റി. തസ്തികയിൽ നിയമിച്ച മാനേജരുടെ നടപടി ക്രമപ്രകാരമല്ല എന്ന കാരണത്താൽ ടി നിയമനം ചവറ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ച് നൽകി.

6. ശ്രീമതി. രശ്മി രവി 13.08.2019 മുതൽ 10.06.2024 വരെ ശൂന്യവേതാനാവധിയെടുത്ത ഒഴിവിലുള്ള ശ്രീമതി. ആര്യ അശോകിന്റെ അവധി ഒഴിവിലെ യു.പി.എസ്.ടി. നിയമനം ശമ്പള സ്കെയിലിൽ 13.08.2019 മുതൽ 05.02.2021 വരെയും 06.02.2021 മുതൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഉൾപ്പെടെ അനുവദിച്ചിട്ടുള്ളതിനാൽ ശ്രീമതി ആര്യ അശോകന്റെ 13.08.2019 മുതൽ 10.06.2024 വരെയുള്ള നിയമനം ക്രമപ്രകാരവും അതുമൂലം 51 അവകാശിയും ആയതിനാലാണ് 11.06.2024 മുതൽ ടിയാളെ യു.പി.എസ്.ടി. ആയി നിയമിച്ചതെന്നും ടി സ്കൂളിൽ കുട്ടികളുടെ എണ്ണം 460 ആണെന്നും നൂറിൽ കൂടുതൽ വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ യു.പി. സ്കൂളിൽ ടീച്ചർ തസ്തിക അനുവദിക്കാവുന്ന വ്യവസ്ഥ ഉള്ളതിനാൽ 2024-25 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിൽ തസ്തിക അനുവദിച്ചതിനാലും, നിയമനം ലഭിച്ച് അംഗീകരിച്ചതിന് ശേഷം തസ്തിക ഏതെങ്കിലും കാരണത്താൽ നഷ്ടപ്പെട്ടാൽ അവരെ തന്നെ ഹെഡ്ടീച്ചർ തസ്തികയിൽ നിയമിക്കാമെന്ന വ്യവസ്ഥയുള്ളതിനാലുമാണ് ശ്രീമതി. ആര്യ അശോകനെ യു.പി.എസ്.ടി. യായി 11.06.2024 മുതൽ നിയമിച്ചതെന്നാണ് മാനേജർ വാദിക്കുന്നത്.

7. അപ്പർ പ്രൈമറി സ്കൂളുകളുടെ കാര്യത്തിൽ ഭാഷാധ്യാപകർക്ക് പ്രഥമാധ്യാപകനായി സ്ഥാനക്കയറ്റം നൽകുമ്പോൾ ക്ലാസ്സ് ചാർജ്ജ് എവിടെ നൽകണമെന്നത് സംബന്ധിച്ച് കെ.ഇ.ആർ. ൽ വ്യക്തമായ വ്യവസ്ഥകൾ നിലവിലില്ല. ജമീല vs ഷെരീഫ് റിപ്പോർട്ടഡ് കേസിൽ (WA No. 1783/2009) ലോവർ ഗ്രേഡ് അറബിക് അധ്യാപകന് പ്രഥമാധ്യാപകനായി സ്ഥാനക്കയറ്റം നൽകിയാൽ ടിയാൻ നാളിതുവരെ സേവനമനുഷ്ഠിച്ച അറബിക് അധ്യാപകനായി തന്നെ തുടരേണ്ടതാണ് എന്ന് ബഹു. കേരളാ ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് ഉത്തരവായിട്ടുണ്ട്. ബഹു. കോടതി ഉത്തരവുകളിലെ നിരീക്ഷണങ്ങളുടെ പശ്ചാത്തലത്തിൽ സമാനമായ കേസുകളിൽ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുകയും

ചെയ്തിട്ടുണ്ട്. എൽ.പി. വിഭാഗവും, യു.പി. വിഭാഗവും 222 ഒരു യു.പി. സ്കൂളിലെ പ്രഥമാധ്യാപക നിയമനം നടത്തിക്കഴിഞ്ഞാൽ, ഇവയിൽ ഏത് വിഭാഗത്തിൽ നിന്നുള്ള അധ്യപകനാണോ പ്രൊമോഷൻ നേടിയത്, ആ അധ്യാപകൻ പഠിപ്പിച്ചുവന്നിരുന്ന അതേ ഡിവിഷൻ തന്നെ തുടർന്നും കൈകാര്യം ചെയ്യുണമെന്നാണ് രജിമോൾ Vs സ്റ്റേറ്റ് ഓഫ് കേരള (WP(C) No.5628/2004) കേസിൽ ബഹു. കേരളാ ഹൈക്കോടതി വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളത്. അക്കാര്യത്തിൽ വ്യക്തത വരുത്തിക്കൊണ്ട് 25-06-2025 ലെ J.A.(1)270/2023/G.EDN. നമ്പർ സർക്കാർ പരിപത്രം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. സമാനമായി ജമീല Vs ഷെരീഫ് കേസിൽ (WA No. 1783/2009) ലോവർ ഗ്രേഡ് അറബിക് അധ്യാപകന് പ്രഥമാധ്യാപകനായി സ്ഥാനക്കയറ്റം നൽകിയാൽ ടിയാൻ നാളിതുവരെ സേവനമനുഷ്ഠിച്ച അറബിക് അധ്യാപകനായി തന്നെ തുടരേണ്ടതാണ് എന്ന് ബഹു. കേരളാ ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് ഉത്തരവായിട്ടുണ്ട്. മൈനാഗപ്പള്ളി എസ്.സി.വി.യു.പി. സ്കൂളിന്റെ സംഗതിയിൽ, ശ്രീമതി.എസ്.ജയലക്ഷ്മി, ജൂനിയർ ലാംഗ്വേജ് ഹിന്ദി അധ്യാപികയെ 01-06-2024 മുതൽ പ്രഥമാധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമിച്ചു എങ്കിലും, ടി.സ്കൂളിലെ പ്രഥമാധ്യാപിക ആയിരുന്ന ശ്രീമതി. സുധാദേവി.വി., 31-05-2024 ൽ സേവനത്തിൽ നിന്നും വിരമിച്ചത് മൂലം ഒഴിവ് വരുന്നത് യു.പി.എസ്.റ്റി. തസ്തികയിലാണ്. യു.പി.എസ്.റ്റി. 01-06-2024 മുതൽ വ്യവസ്ഥാപിതമായ ഒഴിവ് നിലനിൽക്കെ ശ്രീമതി. ആര്യാ അശോകിനെ, അധ്യാപക ബാങ്കിൽ നിന്നുള്ള സംരക്ഷിത അധ്യാപക നിയമനത്തിനായി മാറ്റിവയ്ക്കേണ്ട കെ.ഇ.ആർ. അധ്യായം XXI ചട്ടം 7(1) പ്രകാരം അനുവദിച്ചിട്ടുള്ള അഡീഷണൽ യു.പി.എസ്.റ്റി. തസ്തികയിൽ നിയമിച്ച മാനേജരുടെ നടപടി ക്രമപ്രകാരമല്ല എന്ന പൊതു വിദ്യാഭ്യാസ ഓഫീസർമാരുടെ വാദം അംഗീകരിക്കാവുന്നതാണ്.

8.ഈ സാഹചര്യത്തിൽ ശ്രീമതി ആര്യ അശോകനെ കെ.ഇ.ആർ അധ്യായം XXI ചട്ടം 7(1) പ്രകാരം അനുവദിച്ചിട്ടുള്ള അഡീഷണൽ യു.പി.എസ്.ടി. തസ്തികയിൽ 11.06.2024 മുതൽ പുനർനിമിച്ച മാനേജരുടെ നടപടി ക്രമപ്രകാരമല്ലാത്തതിനാൽ ശ്രീമതി ആര്യ അശോകന്റെ 11.06.2024 മുതലുള്ള നിയമനം അംഗീകരിച്ചു നൽകുന്നതിന് സമർപ്പിച്ചിട്ടുള്ള മാനേജരുടെ റിവിഷൻ ഹർജി നിരസിച്ചു ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

M RATHEESH

UNDER SECRETARY

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചവറ

മാനേജർ, മൈനാഗപ്പള്ളി എസ്.സി.വി. യു.പി.സ്കൂൾ

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by Ragasmitha V M
Date: 23-06-2026 17:42:31